സർക്കാർ അധീനതയിലുള്ള സ്വതന്ത്ര ഏജൻസി മുഖേന എഴുത്തു പരീക്ഷ നടത്തി തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും ഇന്റർവ്യൂ നടത്തി നിയമനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

കയർബോർഡ് ഏറ്റെടുത്ത പണി

30 (2027) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി റോഡിന്റെ ഇരുവശത്തുമുള്ള ചരിഞ്ഞ പ്രതലം ശക്തിപ്പെടുത്തുന്നതിന് കയർ ബോർഡ് എന്തെല്ലാം പണികളാണ് ഏറ്റെടുത്തു നടത്തുന്നത് ; വിശദവിവരം വെളിപ്പെടുത്താമോ ;

(ബി) കയർബോർഡ് പണി ഏറ്റെടുക്കുമ്പോൾ പ്രസ്തുത റോഡിന്റെ പണി മുഴുവനും അതിന്റെ കരാറുകാർ ചെയ്ത് തീർത്തിരുന്നുവോ ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ടി കയർ ബോർഡിന് എന്തെങ്കിലും ചെലവ് വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പണി പൂർത്തീകരിക്കാത്ത കരാറുകാരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കയർ ജിയോടെക്സ്റ്റയിൽസ് പ്രചാരണത്തിന്റെ ഭാഗമായി മണ്ണൊലിപ്പിന് എതിരായി ചരിഞ്ഞ പ്രതലം ശക്തിപ്പെടുത്തുന്ന ഒരു പദ്ധതി കയർബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൊച്ചിയിലെ അന്താരാഷ്ട്ര എയർപോർട്ടും എൻ.എച്ച്-47നും കൂടി ബന്ധിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജിന്റെ ഇരുവശവും കയർ ജിയോടെക്സറ്റയിൽ വഴി ശക്തിപ്പെടുത്തുന്ന പണി കയർ ബോർഡ് 5-6-2000-ൽ ഏറ്റെടുക്കുകയും ഇതിനുവേണ്ടി ചരിഞ്ഞ പ്രതലത്തിലേക്ക് 13000 ചതുരശ്ര മീറ്റർ ജിയോടെക്സ്റ്റയിൽസ് കയർബോർഡ് സൗജന്യമായി നൽകുകയും ചെയ്തു. ബോർഡിന്റെ സാങ്കേതിക വിദഗ്ദ്ധർ പണിയുടെ മേൽനോട്ടം വഹിക്കുകയും ചെയ്തു.

(ബി) വിവരം പൊതുമരാമത്തു വകുപ്പിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

(സി) 13,000 ചതുരശ്ര മീറ്റർ കയർ ജിയോടെക്സറ്റയിൽസ് സൗജന്യമായി നൽകിയതല്ലാതെ കയർബോർഡിന് മറ്റ് ചെലവ് ഒന്നുംതന്നെ വന്നിട്ടില്ല.

(ഡി&ഇ) വിവരം പൊതുമരാമത്തു വകുപ്പിൽ നിന്നും ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly